# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 8**

---

## എം.ജി - തമിഴ്നാട് അഗ്രിക്കൾച്ചർ സർവകലാശാല സഹകരണത്തിന് ധാരണ

*മഹാത്മാ ഗാന്ധി സർവകലാശാലയും കോയമ്പത്തൂരിലെ തമിഴ്നാട് അഗ്രിക്കൾച്ചറൽ സർവകലാശാലയും(ടി.എൻ.എ.യു) തമ്മിൽ വിവിധ മേഖലകളിൽ സഹകരണത്തിന് ധാരണയായി. ഓൺലൈനിൽ നടന്ന ചടങ്ങിൽ എം.ജി സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ടി.എൻ.എ.യുടെ രജിസ്ട്രാർ ഡോ. ആർ. തമിഴ് വെന്തനും ധാരണാപത്രത്തിൽ ഒപ്പുവച്ചു.*

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിലെ വിദ്യാർഥികൾക്ക് ടി.എൻ.എ.യുവിലെ ലാബോറട്ടറി സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനും പ്രായോഗിക പരിശീലനത്തിനും ഉൾപ്പെടെ ഇതുവഴി അവസരം ലഭിക്കും.*

*ചടങ്ങിൽ ടി.എൻ.എ.യു വൈസ് ചാൻസലർ ഡോ. വി. ഗീതാലക്ഷ്മി, എം.ജി സർവകലാശാലാ റിസർച്ച് ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, സയൻസ് ഫാക്കൽറ്റി ഡീൻ ഡോ. ബീന മാത്യു, ഐ.ക്യു.എസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ജിഷ, കോ-ഓർഡിനേറ്റർ ഡോ. അനൂജ തോമസ്, ഡോ. ലിനു എം. സലീം, ഡോ. വി. രാധാലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.*

ഫോട്ടോ ക്യാപ്ഷൻ..

*തമിഴ്നാട് അഗ്രിക്കൾച്ചറൽ സർവകലാശാലയുമായി ഒപ്പുവച്ച ധാരണാപത്രം മഹാത്മാ ഗാന്ധി സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സയൻസ് ഫാക്കൽറ്റി ഡീൻ ഡോ. ബീന മാത്യുവും പ്രദർശിപ്പിക്കുന്നു. ഡോ. കെ.*

*ജയചന്ദ്രൻ, ഡോ, എം.എസ്. ജിഷ, ഡോ. റോബിനെന്റ് ജേക്കബ്, ഡോ. അനൂജ തോമസ് എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1000/2024)*

## അസിസ്റ്റന്റ് പ്രഫസർ; വാക്ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ ഫിസിക്കൽ എജ്യുക്കേഷൻ അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ നവംബർ 21ന് നടക്കും.*

*പട്ടികജാതി വിഭാഗത്തിലെ ഒരൊഴിവിൽ 2024-25 അക്കാദമിക് വർഷത്തേക്കാണ് നിയമനം. വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ രണ്ടു വർഷം വരെ സേവനം ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1001/2024)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം എൽഎൽബി, ബിബിഎ എൽഎൽബി(ഓണേഴ്സ് 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബികോം എൽഎൽബി, ബിബിഎ എൽഎൽബി(ഓണേഴ്സ് 2016, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ മെഴ്സി ചാൻസ് ഏപ്രിൽ 2024), ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി(2015 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012, 2013 അ്ഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 23 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1002/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി പുതിയ സ്കീം) പരീക്ഷകൾ ഡിസംബർ രണ്ടു മുതൽ നടക്കും.*

നവംബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1003/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് ആർട്സ് ഇൻ ജേർണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ (എംഎ ജെഎംസി 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

……..

മൂന്നും നാലും സെമസ്റ്റർ എംഎ ഹിസ്റ്ററി (പ്രൈവറ്റ് 2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1004/2024)

## സമയപരിധി നീട്ടി

മൂന്നാം സെമസ്റ്റർ എംഎൽഐബിഐഎസ്സി (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 18 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 19 വരെയും അപേക്ഷ സ്വീകരിക്കും.

…………………………

ഒന്നാം സെമസ്റ്റർ ബിഎഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2024 അഡ്മിഷൻ റെഗുലർ, 2022, 2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്- ദ്വിവത്സര കോഴ്സ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. നവംബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1005/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**